# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2666** — **10.12.2014- ലെ മറുപടി.**

## കൊച്ചി സഹകരണ ആശുപത്രി ഏറ്റെടുക്കലും ഫീസ് ഏകീകരണവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കൊച്ചി സഹകരണ ആശുപത്രി സർക്കാർ ഏറ്റെടുക്കുന്ന നടപടി ഏതു ഘട്ടം വരെയായെന്നും ഇതിന്റെ വിശദാംശവും വ്യക്തമാക്കുമോ; | (എ) കൊച്ചി സഹകരണ ആശുപത്രി സർക്കാർ ഏറ്റെടുത്തതിനുശേഷം സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം മെന്ന് പുനർനാമകരണം ചെയ്യുകയും മറ്റ് സർക്കാർ മെഡിക്കൽ കോളേജുകൾക്ക് സമാനമായി ചികിത്സയും മരുന്നുകളും സൗജന്യമായി രോഗികൾക്ക് നൽകുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് നിലവിലുള്ള ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ചും, യോഗ്യതയുള്ള ജീവനക്കാരെ സർക്കാർ സർവ്വീസിലേയ്ക്ക് സംയോജിപ്പിക്കുന്ന വിഷയം സംബന്ധിച്ചും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള സത്വര നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (ബി) സർക്കാർ ഏറ്റെടുക്കുന്ന കോളേജുകളിൽ - മാനേജ്മെന്റ് എൻ.ആർ.ഐ. ക്വാട്ടകളിൽ പ്രവേശനം ലഭിച്ചവരുടെ ഫീസ് ഘടന ഏകീകരിക്കുമോ;<br>(സി) ഇതു സംബന്ധിച്ച സർക്കാർ തീരുമാനം വ്യക്തമാക്കുമോ ? | (ബി) &(സി). ഇല്ല; എറണാകുളം മെഡിക്കൽ കോളേജിൽ 2014-15 അദ്ധ്യയന വർഷം മുതൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രം സർക്കാർ ഫീസ് ബാധകമാക്കിയാൽ മതിയെന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. ഈ വിഷയം നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ഉള്ളതിനാൽ, ബഹു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇത് സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ